പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6433 08.07.2014-ൽ മറുപടിക്ക്

## വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഏതെല്ലാം തരം ബസ്സുകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ളത്; | (എ) | കെ.എസ്.ആർ.ടി.സിയുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. |
| (ബി) | കൺസഷൻ അനുവദിച്ചിട്ടുള്ള ഇനം ബസ്സുകളിൽ എല്ലാ റൂട്ടിലേക്കും ഇവർക്ക് യാത്രാ സൗകര്യം അനുവദിക്കുമോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് അറിയിക്കുമോ; | (ബി) യും (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി കൂടുതൽ ഓർഡിനറി സർവ്വീസുകൾ നടത്തുന്ന റൂട്ടുകളിലെല്ലാം തന്നെ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ച് വരുന്നുണ്ട്. ഒറ്റപ്പെട്ട സർവ്വീസുകൾ നടത്തുന്ന റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് മുൻകൂർ പണം അടച്ച് കൺസഷൻ ടിക്കറ്റ് അനുവദിക്കുകയും എന്തെങ്കിലും കാരണവശാൽ അത്തരം സർവ്വീസ് നടത്തുവാൻ കഴിയാതെ വരികയും ചെയ്താൽ വിദ്യാർത്ഥികൾ ബുദ്ധിമുട്ടുകയും, കെ.എസ്.ആർ.ടി.സി കോടതി നടപടികൾ നേരിടേണ്ടി വരികയും ചെയ്യുമെന്നതിനാൽ അത്തരം റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുവാൻ കഴിയില്ല. അതോടൊപ്പം സ്വകാര്യ ബസ്സുകളുടെ ആധിക്യമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി നടത്തുന്ന ഒറ്റപ്പെട്ട സർവ്വീസുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നതും പ്രായോഗികമായി ബുദ്ധിമുട്ടാണ്.<br>വിദ്യാർത്ഥികൾക്ക് യാത്രാ സൗജ |
| (സി) | വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം ചില നിശ്ചിത റൂട്ടുകളിലേക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതിന്റെ കാരണം എന്താണ്; ഇത്തരത്തിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുള്ള റൂട്ടുകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇത് നിശ്ചയിച്ചത് കെ.എസ്.ആർ. ടി.സിയാണോ അതോ സർക്കാരാണോ എന്നറിയിക്കുമോ; | | |
| (ഡി) | നിശ്ചിത റൂട്ടുകൾക്ക് മാത്രമായി വിദ്യാർത്ഥികൾക്കുള്ള യാത്രാ സൗജന്യം നിജപ്പെടുത്താതെ കെ. | | |

| | | | |
|---|---|---|---|
| | എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന എല്ലാ റൂട്ടുകളിലും കൺസഷൻ അനുവദിക്കാൻ നിർദ്ദേശം നൽകാമോ; | | ന്യം അനുവദിച്ചിട്ടുള്ള റൂട്ടുകൾ നിശ്ചയിച്ചിട്ടുള്ളത് കെ.എസ്.ആർ.ടി.സി തന്നെയാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി. / സ്വകാര്യ ബസ്സുകളുടെ സൂപ്പർ ഡീലക്സ്, ഡീലക്സ്, സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ എന്നിവ ഒഴികെ സർവ്വീസ് നടത്തുന്ന എല്ലാ ഇനം ബസ്സുകളിലും യാത്രാ സൗജന്യം അനുവദിക്കുമോ? | (ഇ) | സ്വകാര്യ ബസ്സുകളിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും നിലവിൽ യാത്രാ സൗജന്യം അനുവദിച്ച് വരുന്നുണ്ട്. ടൗൺ ടു ടൗൺ സർവ്വീസുകളിൽ യാത്രാ സൗജന്യം അനുവദിക്കുന്നത് ദീർഘദൂര യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ ടി സർവ്വീസിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുവാൻ കഴിയില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ